ത കേസിൽ കടിയൂർ കാട്ടുമാന്നാർകോവിൽ കണ്ണൻ(23) പിടിയി

ണെന്ന ഡോക്ടർമാർ പറയുന്നു. ഈ നിലയിലാണ് തിങ്കളാ

ടങ്ങളിലായി റോഡ് തടയൽ സമരം നടത്തി. പ്രക്ഷോഭ പരിപാ



# ഇൻഡോ– സ്വിസ് ആയുർവേദ ഫൗണ്ടേഷൻ രൂപവത്കരിച്ചു

കോയമ്പത്തൂർ: ആയുർവേദ ചികിത്സയുടെ ആഗോളവത്കരണ നടപടികളുടെ ഭാഗമായി ഇൻഡോ സ്വിസ് ആയുർവേദ ഫൗണ്ടേഷൻ രൂപവത്കരിച്ചു. ലോകാരോഗ്യ സംഘടന നിശ്ചയിച്ച നിലവാരത്തിന് അനുസൃതമായി ഇന്ത്യക്കകത്തും വിദേശ രാജ്യങ്ങളിലും ആയുർവേദ ഗവേഷണ- ചികിത്സകൾ മെച്ചപ്പെടുത്താനാവശ്യമായ പരിശീലനം ലഭ്യമാക്കുക, പാശ്ചാത്യ രാജ്യങ്ങളിൽ ആയുർവേദ ക്ലിനിക്കുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

കോയമ്പത്തൂർ മാങ്കര എ.വി.പി അക്കാദമിയിൽ നടന്ന ചടങ്ങിൽ ആര്യ വൈദ്യ ഫാർമസി മാനേജിങ് ഡയറക്ടർ ഡോ. പി.ആർ. കൃഷ്ണകുമാർ, ഇൻഡോ-സ്വിസ് ആയുർവേദ ഫൗണ്ടേഷൻ സ്ഥാപക പ്രസിഡൻറ് ഡോ. സൈമൺ ഹുൻസിക്കർ എന്നിവർ ധാരണാപത്രം കൈമാറി. ആയുഷ് ഉപദേശക സമിതിയംഗം സാക്ഷ് പവൻ സിങ് ആനി കെയ്സർ സംബന്ധിച്ചു.

ഇൻഡോ-സ്വിസ് ആയുർവേദ ഫൗണ്ടേഷൻ രൂപവത്കരിക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം കൈമാറുന്നു